# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 150 | 28.06.2016 -ൽ മറുപടിക്ക്

## പ്രമേഹം, ക്യാൻസർ എന്നീ രോഗങ്ങൾക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ഉണ്ണി: | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) ജീവിത ശൈലീ രോഗങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു രോഗമായ പ്രമേഹം അതിവേഗത്തിൽ കേരളത്തിൽ പടർന്നുപിടിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; | (എ) | ജീവിത ശൈലീ രോഗങ്ങളിൽ പ്രധാനമായ പ്രമേഹ രോഗം കേരള ജനതയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ പഠനങ്ങൾ പ്രകാരം പുരുഷൻമാരിൽ 20 മുതൽ 27 ശതമാനവും സ്ത്രീകളിൽ 15 മുതൽ 19 ശതമാനവും പ്രമേഹ രോഗബാധിതരാണെന്നാണ് കണക്കാക്കപ്പെടുന്നത്. |
| (ബി) പ്രമേഹ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രമേഹ രോഗത്തിനുള്ള മരുന്നുകൾ താലൂക്ക് ആശുപത്രികളിലും, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും, പ്രൈമറി ഹെൽത്ത് സെന്ററുകളിലും സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | മലയാളിയുടെ ജീവിതശൈലിയിൽ നിന്ന് കാതലായ മാറ്റം പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കാരണമായ സാഹചര്യത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ ജീവിതശൈലീരോഗ നിർണ്ണയ നിയന്ത്രണ ചികിത്സ പദ്ധതിയാണ് "അമൃതം ആരോഗ്യം". സംസ്ഥാനത്തെ 230 സി.എച്ച്.സികൾ, 835 പി.എച്ച്.സികൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ, 100 താലൂക്ക്/ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുകയും ചികിത്സ പ്രോട്ടോക്കോൾ |

പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്തു വരുകയും ചെയ്യുന്നു. ഇത് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദഗ്ദ സമിതി തയ്യാറാക്കിയ ചികിത്സാപ്രോട്ടോക്കോൾ പ്രകാരമുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള 12 ഇനം മരുന്നുകളാണ് പി.എച്ച്.സി തലം വരെ സൗജന്യമായി നൽകി വരുന്നത്.

(സി) ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകളും സർക്കാർ ആതുരാലയങ്ങളിൽ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(സി) ക്യാൻസർ രോഗചികിത്സയ്ക്കുള്ള മരുന്നുകൾ വളരെ വിലയേറിയതാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കാരുണ്യ വഴി ഈ മരുന്നുകൾ സൗജന്യ നിരക്കിൽ നൽകി വരുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ ക്യാൻസർ കെയർ പദ്ധതി പ്രകാരം എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ വാങ്ങുന്നതിനായി ഫണ്ട് വകയിരുത്തുകയും, ക്യാൻസർ ചികിത്സ ലഭ്യമായ ആശുപത്രികളിൽ വിതരണം ചെയ്യുകയും ചെയ്യുന്നു.

ക്യാൻസർ രോഗ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകൾ ദേശീയ അടിസ്ഥാനത്തിൽ ക്ഷണിക്കുന്ന മത്സര ഇ-ടെണ്ടറുകൾ മുഖേന സംഭരിച്ച് വാർഷിക ഇൻഡന്റ് പ്രകാരം അഞ്ച് സർക്കാർ മെഡിക്കൽ കോളേജിലും എറണാകുളം ജനറൽ ആശുപത്രിയിലുമായി നൽകി വരുന്നുണ്ട്.

P.[signature]

സെക്ഷൻ ഓഫീസർ